<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5846</u> <u>16-03-2023 - ൽ മറുപടിയ്ക്ക്</u>

<u>റേഷൻ കാർഡില്ലാത്ത അതിദരിദ്രരെ കണ്ടെത്തി റേഷൻകാർഡ് അനുവദിക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കാർഡില്ലാത്ത അതിദരിദ്രരെ കണ്ടെത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി,<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് റേഷൻകാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിനും<br><br>മുൻഗണനാ പരിധിയിൽ ഉൾപ്പെടാൻ അർഹതയുണ്ടായിട്ടും മുൻഗണനേതര കാർഡ് ലഭ്യമായവർക്ക് ആയത് മാറ്റി നൽകുന്നതിനും<br><br>അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ യോഗ്യമായ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻകാർഡ് ലഭ്യമാക്കുന്നതിനും<br><br>നടപടി സ്വീകരിച്ചു വരുന്നു.<br><br>തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആകെ **7316** പേരിൽ **2428** പേർ ആധാർ ഉള്ളവരും **4888** പേർ ആധാർ ഇല്ലാത്തവരുമാണ്. ലിസ്റ്റിൽ ഉൾപ്പെട്ട ആധാർ ഇല്ലാത്തവർക്ക് ആധാർ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ആധാർ കാർഡുള്ളവർക്ക് റേഷൻകാർഡ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം പട്ടികയിൽ ഉൾപ്പെട്ട **5001** പേർക്ക് കാർഡ് നൽകുകയും അതിൽ **2558** എണ്ണം മുൻഗണനയിലേക്ക് മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ആധാർ കാർഡ് ഇല്ലാത്തവർ, തദ്ദേശസ്വയംഭരണ വകുപ്പിന് തിരിച്ചറിയാൻ കഴിയാത്തവർ/ വിവരങ്ങൾ ലഭ്യമല്ലാത്തവർ, മരണപ്പെട്ടവർ, നിലവിലെ |

| | | | |
|---|---|---|---|
| | | | അഡ്രസ്സിൽ താമസമില്ലാത്തവർ, നിലവിൽ വെൽഫെയർ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടവർ, തെറ്റായ ആധാർ നമ്പർ ഉള്ളവർ, മറ്റ് സംസ്ഥാനങ്ങളിലേക്ക് സ്ഥലം മാറിപ്പോയവർ, 18 വയസ്സിനു താഴെയുള്ളവർ, മറ്റ് താലൂക്കുകളിൽ കാർഡുള്ളവർ, പഞ്ചായത്ത് ലിസ്റ്റിൽ നിന്നും പേര് ഒഴിവാക്കിയവർ, കടുത്ത മാനസിക രോഗത്താൽ റേഷൻകാർഡ് വേണ്ടെന്ന് അറിയിച്ചവർ എന്നിങ്ങനെയുള്ളവർക്കാണ് റേഷൻകാർഡ് നൽകാൻ അവശേഷിക്കുന്നത്. ഇതിൽ ആധാർ ഇല്ലാത്തവരെ കണ്ടെത്തി റവന്യൂ വകുപ്പിന്റെയും അക്ഷയ സെന്ററിന്റെയും സഹായത്തോടു കൂടി ആധാർ ലഭ്യമാക്കുന്നതിനും റേഷൻ കാർഡ് അനുവദിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും എല്ലാ അതിദരിദ്രർക്കും റേഷൻകാർഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | അത്തരത്തിൽ കണ്ടെത്തിയ എത്ര പേർക്ക് ഇതുവരെ റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ